LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ നേരിട്ട് നിയമനം

108 [3695] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ നേരിട്ട് നിയമനം നടത്തി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) എക്സൈസ് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ഡിപ്പാർട്ടുമെന്റിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ആവിഷ്ക്കരിച്ചു നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

അഴിമതിക്ക് വിജിലൻസ് കേസുള്ള ഉദ്യോഗസ്ഥർ

109 [3696] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ വിജിലൻസ് കേസ് നിലവിലുള്ള എത്ര ഉദ്യോഗസ്ഥന്മാർ സസ്പെൻഷനിലാണെന്നും, എത്രപേർ സർവ്വീസിലാണെന്നും വെളിപ്പെടുത്താമോ;

(ബി) ഒരേ കേസിൽ പ്രതിസ്ഥാനത്തുള്ള ഉദ്യോഗസ്ഥരിൽ എത്ര പേർ സർവ്വീസിലും എത്ര പേർ സസ്പെൻഷനിലും തുടരുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) അന്വേഷണവിധേയരായ ഉദ്യോഗസ്ഥർ അന്വേഷണ ഘട്ടത്തിൽ സർവ്വീസിൽ തുടരുന്നത് ഒഴിവാക്കണമെന്ന് വിജിലൻസ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ അവരിൽ എത്ര പേർ സർവ്വീസിലുണ്ടെന്ന് വ്യക്തമാക്കുമോ?

† അനുബന്ധം V കാണുക.